## (100.) വള്ളിക്കോട്- കോട്ടയം സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

മലങ്കര കത്തോലിക്കാസഭയുടെ ചരിത്രത്തിൽ തങ്കലിപികളാൽ ആലേഖനം ചെയ്യപ്പെട്ട പുനരൈക്യം എന്ന മഹാപ്രസ്ഥാനം ആരംഭിച്ചിട്ട് ഒരു ദശകം പിന്നിട്ടപ്പോൾ തന്നെ സഭാ വള്ളിക്കോട്- കോട്ടയം എന്ന ഈ പ്രദേശത്തിന്റെ മണ്ണിൽ രൂപം കൊണ്ടു. ഓമല്ലൂർ, തുമ്പമൺ, നരിയാപുരം തുടങ്ങിയ പ്രദേശത്തുനിന്നും പലപ്പോഴായി ഇവിടെയെത്തി താമസമാക്കിയ വേട്ടകുളത്ത് പുത്തൻപുരയിൽ തോമസ്സാർ, കെങ്കരശ്ശേരിൽ ജോൺ സാർ, കടുവിനാൽ ഫീലിപ്പോസ്, അയ്യനേത്ത് തോമസ് എന്നിവരും ഇവരോടൊപ്പം തെക്കേടത്ത് മൂലപ്പറമ്പിൽ ഗീവർഗ്ഗീസ്, ആലപ്പാട്ട് യോഹന്നാൻ, തെങ്ങുംപറമ്പിൽ ഗീവർഗ്ഗീസ്, പുലിപ്രമത്തായി എന്നിവർ കുടിചേർന്ന് 1941- ൽ മലങ്കര കത്തോലിക്കാ സഭയിൽ ചേരുന്നതിനെപ്പറ്റി അലോചിക്കുകയും തങ്ങളുടെ ആഗ്രഹം 1941- 42- ൽ വകയാർ മലങ്കര കത്തോലിക്കപള്ളി വികാരിയായിരുന്ന ജോസ് മാത്യു ചാൽക്കടവിൽ അച്ചനുമായി പങ്കുവെച്ചു. അച്ചൻ അറിയിച്ചപ്രകാരം 1942- ന്റെ ആദ്യപകുതിയിൽ മലങ്കര കത്തോലിക്കാസഭയുടെ സ്ഥാപകനും പുനരൈക്യശില്പിയുമായ ഭാഗ്യസ്മരണാർഹനായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി വകയാർ കത്തോലിക്കാപള്ളിയിൽ എത്തിച്ചേരുകയും തുടർന്ന് ഈ എട്ടുപേരും അവിടെയെത്തി. അഭിവന്ദ്യ പിതാവിനെ തങ്ങളുടെ ആഗ്രഹം അറിയിക്കുകയും ചെയ്തു. സത്യവിശ്വാസത്തിലേക്ക് കടന്നു വരുവാനുള്ള നമ്മുടെ പിതാമഹൻമാരുടെ തീക്ഷണത മനസ്സിലാക്കിയ അഭിവന്ദ്യ തിരുമേനി അവരെ മാതൃസഭയിലേക്ക് ക്ഷണിച്ചു. ഏറെ സന്തോഷത്തോടെ ആ ക്ഷണം സ്വീകരിച്ച അവർ അപ്പോൾ തന്നെ പിതാവിന്റെ മുമ്പിൽ മുട്ടുകുത്തി വി. ബൈബിൾ ചുംബിച്ചുകൊണ്ട് മുന്ന് പ്രാവശ്യം സത്യവിശ്വാസം ഏറ്റുപറഞ്ഞു. ഓരോരുത്തരുടേയും തലയിൽ കൈവച്ചു പ്രാർത്ഥിച്ച് അഭിവന്ദ്യ പിതാവ് അവരെ മലങ്കര കത്തോലിക്കാസഭയുടെ ഭാഗമാക്കി മാറ്റിയ ആ ധന്യനിമിഷം വള്ളിക്കോടു- കോട്ടയം എന്ന ഈ കൊച്ചുഗ്രാമം മലങ്കര കത്തോലിക്കാ സഭയുടെ ചരിത്രത്തിന്റെ ഭാഗമായി മാറിയ നിമിഷമായിരുന്നു.

**ആദ്യത്തെ ചാപ്പൽ**

1943- ൽ കോട്ടയ്ക്കൽ ശ്രീ. കെ.സി നൈനാന്റെ പുരയിടത്തിൽ നിർമ്മിച്ച പുല്ലുമേഞ്ഞ ചാപ്പലിൽ ജോസ് മാത്യു ചാൽക്കടവിൽ അച്ചന്റെ കാർമ്മികത്വത്തിൽ മലങ്കര കത്തോലിക്കാസഭ ആരാധനാക്രമപ്രകാരം വിശുദ്ധ കുർബ്ബാന അർപ്പിച്ച് വള്ളിക്കോടു- കോട്ടയത്തെ മലങ്കര കത്തോലിക്കാ കൂട്ടായ്മക്ക് തുടക്കം കുറിച്ചു.

**ആദ്യത്തെ ദൈവാലയം**

സ്വന്തമായി ഒരു ദൈവാലയം എന്ന വലിയ സ്വപ്നം മനസ്സിൽ താലോലിച്ച് നമ്മുടെ പിതാമഹന്മാർ എന്നും നിരന്തരമായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്തുവന്നു. അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവിന്റെ സെക്രട്ടറിയായിരുന്ന ജോസഫ് വടക്കേക്കൂറ്റ് അച്ചനോട് അവർ ഇക്കാര്യം അറിയിച്ചു. അച്ചന്റെകുടി പരിശ്രമത്തിന്റെ ഫലമായി ഏറെ താമസിയാതെ വള്ളിക്കോടുകോട്ടയത്ത് രാമൻതട്ടാർ എന്നയാളുടെ പുരയിടം ദൈവാലയ നിർമ്മാണിനുവേണ്ടി വാങ്ങുവാൻ ദൈവം ഇടയാക്കി. 1944- ൽ അഭിവന്ദ്യ ആർച്ച് ബിഷപ്പ് തിരുമേനി ദൈവാലായത്തിന്റെ തറക്കല്ല് ആശിർവദിച്ച് സ്ഥാപിക്കുകയും, പള്ളിക്കിഴക്കേതിൽ ശ്രീ.ദാവീദ് അവറുകളെ ദൈവാലയ നിർമ്മാണത്തിന്റെ മേൽനോട്ടം ഏൽപിക്കുകയും ചെയ്തതോടുകൂടി ഒരു സ്വപ്നസാക്ഷാത്ക്കാരത്തിന് തുടക്കമായി. സമീപ കത്തോലിക്കാ ഇടവകകളിൽ പ്രവർത്തിച്ചിരുന്ന കുമ്പഴ മേടയിൽ അച്ചൻ, സക്കറിയാസ് എഴിയത്ത് അച്ചൻ എന്നീ വന്ദ്യ വൈദികർ ഈ കാലയളവിൽ ഈ ഇടവകയിൽ ആത്മീയ നേതൃത്വം നൽകിയിട്ടുണ്ട്. തോമസ് പെരുമലയച്ചൻ ഈ ഇടവകയുടെ നേതൃത്വം ഏറ്റെടുത്തതോടുകൂടി ദൈവാലയ നിർമ്മാണിന് പുതിയ ഉണർവ്വും ഉന്മേഷവും കൈവന്നു. 1946 ആയപ്പോഴേക്കും കരിങ്കൽ ഭിത്തികളോടുകൂടിയതും ഓടുമേഞ്ഞതുമായ ഒരു ചെറിയ ദൈവാലയം അഭിവന്ദ്യപിതാവിന്റെയും വൈദികരുടെയും ഇടവക ജനങ്ങളുടെയും കഠിന പരിശ്രമിന്റെ ഫലമായി രൂപപ്പെട്ടു. 19- 02- 1946- ൽ അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് ഈ ദേശത്തിന്റെ അനുഗ്രഹമായ ഒരു കൊച്ചുദൈവാലയം ഭാരത

അപ്പോസ്തോലനായ വി.തോമാശ്ലീഹായുടെ നാമധേയത്തിൽ കൂദാശ ചെയ്ത് ഈ കൂട്ടായ്മയെ അനുഗ്രഹിച്ചു. ഈ സമയം 20-ൽപരം കുടുംബങ്ങൾ ഇടവകാംഗങ്ങളായി ഉണ്ടായിരുന്നു. ദൈവാലയ കുദാശ കഴിഞ്ഞതിന്റെ അടുദിവസങ്ങളിൽ തന്നെ വന്ദ്യ ചേപ്പാട്ട് പീലിപ്പോസ് റമ്പാച്ചൻ ഇവിടെയെത്തി കൺവൻഷൻ നടത്തുകയും ആദ്യവിവാഹം ആശിർവദിക്കുകയും ചെയ്തു.

**ദൈവാലയ പുനരുദ്ധാരണം**

1970-കളുടെ ആരംഭത്തിൽ തന്നെ 80-ൽപരം കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഇടവകയായി വള്ളിക്കോടുകോട്ടയം സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദൈവാലയം മാറിക്കഴിഞ്ഞിരുന്നു. നിലവിലെ അപര്യാപ്തത മനസ്സിലാക്കി ദൈവാലയം പുനരുദ്ധരിക്കുന്നതിനെപ്പറ്റി ആഗ്രഹം എല്ലാവരുടെയും മനസ്സിൽ ഉടലെക്കുന്ന അവസരത്തിൽ തന്നെ ദൈവം പ്രത്യേകമായി തിരഞ്ഞെടുത്തുകൊണ്ടു വന്നത് ദാനിയേൽ കൊച്ചുവിള അച്ചനെയാണ്. (ഇപ്പോൾ വന്ദ്യ ദാനിയേൽ കൊച്ചുവിള റമ്പാച്ചൻ) അച്ചൻ ഇവിടെ വികാരിയായി 1973-ൽ ചുമതലയേറ്റു. ഇടവകയുടെ വളർച്ചയുടെ രണ്ടാംഘട്ടം ഇവിടം മുതലാണ് ആരംഭിച്ചിരിക്കുന്നത്. എല്ല ഭക്ത സംഘടനകളും കൂടുതൽ ആർജ്ജവത്തോടെ പ്രവർത്തിച്ച ഒരു സമയം കൂടിയായിരുന്നു ഇത്. ദാനിയേൽ കൊച്ചുവിളയച്ചന്റെ നേതൃത്വത്തിൽ 1975-76 കാലഘട്ടിൽ തിരുവനന്തപുരം അതിരൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽ നിന്നും ദൈവാലയം പുനഃനിർമ്മാണിനുള്ള അംഗീകാരം ലഭിച്ചതിൻ പ്രകാരം പള്ളിക്ക് 15 അടി നീളം കൂട്ടി മുകപ്പ് പുതുക്കി നിർമ്മിക്കപ്പെട്ടു. പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ പള്ളിയുടെ മുമ്പിലുള്ള കുരുശടിയും മണലേൽ പടി ജംഗ്ഷനിൽ ശ്രീ. ഗീവർഗ്ഗീസ് പനച്ചക്കൽ നല്കിയ സ്ഥല് ഒരു ഗ്ലോബ് കുരിശടിയും ഈ അവസരത്തിൽ നിർമ്മിച്ചു. 1976 ജനുവരിയിൽ പുതുക്കിയ ദൈവാലയത്തിന്റെയും കുരുശടികളുടെയും കുദാശ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബനഡിക്ട്മാർ ഗ്രിഗോറിയോസ് പിതാവിനാൽ നിർവഹിക്കപ്പെട്ടു.

**ഇടവക 21-ാം നൂറ്റാണ്ടിലേക്ക്**

2000-ൽ ഇടവക വികാരിയായി ചുമതലയേറ്റ ശാമുവേൽ ഇടമണ്ണിൽ അച്ചന്റെ നേതൃത്വത്തിൽ ഇടവക അതിന്റെ മുന്നോട്ടുള്ള യാത്രതുടർന്നു. വൈദികമന്ദിരം പുതുക്കിപ്പണിതും തലയിറയിൽ ശ്രീ. ജോർജജ് ആലുംമൂട്ടിൽ ഇടവകക്കുനല്കിയ സ്ഥലത്ത് സകല വിശുദ്ധരുടെയും നാമത്തിൽ ഒരു കുരിശടിയും സ്ഥാപിക്കപ്പെട്ടതും ഇക്കാലത്താണ്. അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയോസ് കാതോലിക്കാബാവ ഇതിന്റെ കുദാശാകർമ്മം നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം ഇടമണ്ണിൽ അച്ചന്റെ നേതൃത്വത്തിൽ മദ്ബഹ പുതുക്കി പണിതതും ഇക്കാലാണ്. മദ്ബഹാ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുകയും അഭിവന്ദ്യ സിറിൾ മാർ ബസ്സേലിയസ് കാതോലിക്കാവ മദ്ബഹാ കുദാശ നിർവഹിക്കുകയും ചെയ്തത് സ്റ്റീഫൻ കുളത്തുംകരോട്ട് അച്ചന്റെ കാലത്താണ്. ഇടവകയുടെ പോഷക സംഘടനകൾ ഇക്കാലത്ത് ഏറെ സജീവമായിരുന്നു. ആദ്ധ്യാത്മികമായി ഒരു വലിയ മുന്നേറ്റം ഈ കാലത്തുണ്ടായി. കോശി ചിറയത്ത് അച്ചൻ, തോമസ് മരുതൂർ അച്ചൻ, ജോസഫ് തടത്തിൽ അച്ചൻ എന്നീ വന്ദ്യ വൈദീകരും ഈ കാലത്ത് ഈ ഇടവകക്കുവേണ്ടി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 96 കുടുംബങ്ങളുടെ കൂട്ടായ്മയാണ് ഇപ്പോൾ ഈ ഇടവക.

**ദൈവാലയ പുനർനിർമ്മാണം**

തങ്ങൾക്കായി ഒരു പുതിയ ദൈവാലയം നിർമ്മിക്കണം എന്ന ആഗ്രഹം മനസ്സിൽ പേറിക്കൊണ്ടുനടന്ന ഒരു ഇടവക സമൂഹത്തിലേക്ക് അതിന് നേതൃത്വം നല്കുന്നതിനായി പത്തനംതിട്ട രുപത നിയോഗിച്ചത് റോബിൻ മനയ്ക്കലേത്ത് അച്ചനെയാണ്.

പെരുന്നാൾ ദിനമായ 2013 ജനുവരി 27-ന് എത്തിച്ചേർന്ന അഭിവന്ദ്യ പിതാവിന്റെ കൈയ്യിൽ ഇടവക

അംഗങ്ങൾ ദൈവാലയ നിർമ്മാണ സംഭാവനയുടെ ആദ്യഗഡു സമർപ്പിച്ചു. 4-5-2014-ൽ പുതിയ ദൈവാലയത്തിന്റെ തറക്കല്ലിടീൽ കർമ്മം വൈദീകരുടെയും സിസ്റ്റേഴ്സിന്റെയും വിശ്വാസികളുടെയും സാന്നിദ്ധ്യിൽ അഭിവന്ദ്യ പിതാവ് യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത നിർവ്വഹിച്ചു.

17-2-2015 ആയപ്പോഴേക്കും മോണ്ടളം, വരാന്ത എന്നിവ വാർക്കുകയും മുകപ്പിന്റെ പണി ആരംഭിക്കുകയും ചെയ്തു. 2015 ഏപ്രിൽ 12-ാം തീയതി മുകപ്പിനു മുകളിലെ വലിയ കുരിശ് അഭിവന്ദ്യ യുഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ആശിർവദിച്ച് സ്ഥാപിച്ചു. ഇടവക വികാരി റോബിൻ മനയ്ക്കലേത്ത് അച്ചന്റെ നേതൃത്വത്തിൽ ഇടവക ജനങ്ങളുടെയും മറ്റ് അഭ്യുദയകാംഷികളുടെയും പ്രാർത്ഥനാ പൂർവ്വമായ സഹകരണംകൊണ്ട് നിർമ്മാണപ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചു. 3-7-2015-ൽ തിരുവനന്തപുരം അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ശാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്ത ദൈവാലയത്തിന്റെ പ്രധാന കട്ടിള ആശിർവദിച്ച് സ്ഥാപിച്ചു.

**കൂദാശ**

നിരന്തരമായ പ്രാർത്ഥനയുടേയും അദ്ധ്വാനത്തിന്റേയും ഫലമായി 2016 സെപ്റ്റംബർ ആയപ്പോഴേക്കും പുതിയ ദൈവാലയ കൂദാശ ചെയ്യുവാൻ സജ്ജമായി. സെപ്റ്റംബർ 8-ാം തീയതി 4.30 ന് വന്ദ്യ മോസിഞ്ഞോർ, ജോസ് ചാമക്കാല കോർപ്പിസ്കോപ്പായുടെ വി. കുർബാനയ്ക്കുശേഷം പുതിയതായി സ്ഥാപിച്ച കൊടിമരം കൂദാശ ചെയ്ത് കൊടിയേറ്റി. സെപ്റ്റംബർ 11 ഞായറാഴ്ച വി. കുർബാനയ്ക്കുശേഷം വന്ദ്യ മോസിഞ്ഞോർ, ജോസ് കുരുമ്പിലേത്ത് അച്ചൻ പുതിയതായി സ്ഥാപിച്ച കൽകുരിശും കൽവിളക്കും കൂദാശ ചെയ്തു. സെപ്റ്റംർ 12-ാം തീയതി തിങ്കളാഴ്ച 2 മണിക്ക് പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യുഹാനോൻ മാർ ക്രിസോസ്റ്റം, തിരുവല്ല അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ സ്തേഫാനോസ് എന്നീ പിതാക്കന്മാർക്ക് മണലേൽപ്പടി കുരിശടി ജംഗ്ഷനിൽ പൗരസ്വീകരണം നൽകി ദൈവാലയിലേക്കാനയിച്ചു.

അഭിവന്ദ്യപിതാക്കന്മാർ ഗ്രോട്ടോകൂദാശ ചെയ്ത് ഇടവകയ്ക്കു സമർപ്പിച്ചു. അഭിവന്ദ്യ ക്രിസോസ്റ്റം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലും, അഭിവന്ദ്യ സ്തോഫാനോസ് പിതാവിന്റെ സഹകാർമികത്വത്തിലും പരിശുദ്ധമായ ഈ ദൈവാലയം മൂറോൻ കൂദാശ ചെയ്ത് ദേശത്തിന്റെ നന്മയ്ക്കായി സമർപ്പിച്ചു.

അതോടൊപ്പം കൽക്കട്ടയിലെ വി. തെരേസായുടെ തിരുശേഷിപ്പ് അഭിവന്ദ്യപിതാവ് ഈ ദേവാലയത്തിൽ സ്ഥാപിച്ചു. സെപ്റ്റംബർ 13-ാം തീയതി വി. തോമാശ്ലീഹായുടെ നാമധേയത്തിൽ പുതുക്കി പണിത് മൂറോൻ കൂദാശ ചെയ്ത് ഈ ദൈവാലയിൽ അഭിവന്ദ്യ യുഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത ഇടവക ജനിനുവേണ്ടി ആദ്യത്തെ ബലിയർപ്പിച്ചു. അന്നേ ദിവസം നടന്ന കുഞ്ഞുങ്ങളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണം കൂദാശയുടെ മഹത്വം വർദ്ധിപ്പിച്ചു. ഇടവകയിലെ 75 വയസ്സിനു മുകളിലുള്ളവരെ ആദരിച്ചു. സുവനീർ പ്രകാശനം എന്നിവയും ഇതിന്റെ ഭാഗമായി നടത്തപ്പെട്ടു. 2016 സെപ്റ്റംബർ 18 ഞായറാഴ്ച ഇടവക വികാരി റോബിൻ മനയ്ക്കലേത്ത് അച്ചൻ കൃതഞ്ജത ബലിഅർപ്പിച്ചു.

**ഇടവകയിൽ സേവനം അനുഷ്ഠിച്ച മുൻ വൈദികർ**

1. ഫാ. മാത്യു പുറവടി
2. ഫാ. തോമസ് കൈതനാൽ
3. ഫാ. ജോസഫ് വടക്കേക്കുറ്റ്
4. ഫാ. ഇടിക്കുള പാണ്ടിയത്ത്
5. ഫാ. ദാനിയേൽ വടക്കേക്കര

6. ഫാ. ആന്റണി കേളംപറമ്പിൽ

7. ഫാ. ജോർജ്ജ് പ്ലാവിളയിൽ

8. ഫാ. വർഗ്ഗീസ് വടശേരി

9. ഫാ. മാത്യു ചെങ്കല്ലൂർ

10. ഫാ. ദാനിയേൽ കൊച്ചുവിള

11. ഫാ. അഗസ്റ്റിൻ വിരിപ്പോൽ

12. ഫാ. തോമസ് എഴിയത്ത്

13. ഫാ. ജോസഫ് കടകംപള്ളി

14. ഫാ. ജോൺ കുരിയിടത്തേരിൽ

15. ഫാ. സാമുവേൽ ഇടമണ്ണിൽ

16. ഫാ. സ്റ്റീഫൻ കുള്ളുംകരോട്ട്

17. ഫാ. കോശി ജോർജ്ജ് ചിറയത്ത്

18. റവ. ഫാ. തോമസ് മരുതൂർ

19. ഫാ. ജോസഫ് തടത്തിൽ

20. ഫാ. ഗീവർഗ്ഗീസ് പെരുമല

21. ഫാ. റോബിൻ മനയ്ക്കലേത്ത്

22. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ

23. ഫാ. കോശി ജോർജ്ജ് ചിറയത്ത്

**ഇടവകയിലെ ദൈവ വിളികൾ**

1. ഫാ ജോർജ്ജ് പുത്തൻവിളയിൽ

2. സി. രാജിത എസ്.ഐ.സി.

3. സി. ജനറ്റ് എസ്.ഐ.സി.

4. സി. സെലിന എസ്.ഐ.സി.

5. സി. അൻസ എസ്.ഐ.സി.

6. ഡീക്കൻ ജോർജ്ജ് സാമുവൽ കുളുംകരോട്ട്

**നന്ദിപൂർവ്വം**

1942 ൽ 8 കുടുംബാംഗങ്ങൾ കൂടി ആരംഭിച്ച ഈ കൂട്ടായ്മ 78 വർഷം പിന്നിടുമ്പോൾ 96 കുടുംബങ്ങളും 427 കുടുംബാംഗങ്ങളേയും ഉൾക്കൊണ്ട് വളർച്ചയുടെ വലിയ ഒരു പാതയിലാണ് ഇന്നീ ദൈവാലയം. വലിയ വെല്ലുവിളികൾ നിറഞ്ഞ കാലഘട്ടിൽ ഈ ദൈവാലയം ഇവിടെ യാഥാർത്ഥ്യമാക്കുവാൻ നമ്മുടെ പൂർവ്വികർ

സഹിച്ച ത്യാഗവും അദ്ധ്വനവും വിലമതിക്കാനാവാതാണ്. അവരുടെ പ്രാർത്ഥന ഒന്ന് കൊണ്ട് മാത്രമാണ് നാം ഇന്ന് അനുഭവിക്കുന്ന എല്ലാ ദൈവകൃപകൾക്കുള്ള മുഖ്യകാരണം ഇക്കാലമത്രയും നമ്മെ നേർ വഴിയിൽ നടത്തിയ അഭിവന്ദ്യ പിതാക്കന്മാർക്കും വിവിധ കാലങ്ങളിൽ ഈ ഇടവകയിൽ വന്ന് ശ്രുശ്രൂഷ ചെയ്ത വൈദികരേയും സിസ്റ്റേഴ്സിനേയും നന്ദിയോടെ ഓർക്കുന്നു.

നാനാജാതിമതസ്ഥർക്ക് അനുഗ്രഹിന്റെ വരദാനമായി നിലകൊള്ളുന്ന ഈ ദൈവാലയം വിവിധ ഘട്ടങ്ങളിൽ നമ്മെ ചേർത്തു നിർത്തിയ ഹൈന്ദവ സഹോദരങ്ങളെയും മറ്റ് സഹോദരി സഭകളെയും നന്ദിയോടെ ഈ നിമിഷത്തിൽ ഓർക്കുന്നു. മലങ്കര കത്തോലിക്ക സഭയുടെ തലവനും പിതാവുമായ മോറോൻ മാർ ബസേലിയസ് ക്ലീമിസ് കാതോലിക്കാബവായുടെ അനുഗ്രഹാശ്ലീസുകളാൽ 2010 മാർച്ച് 10-ാം തീയതി മലങ്കര കത്തോലിക്ക സഭയിൽ ഏഴാമത്തെ രൂപതയായി പത്തനംതിട്ട രൂപത പ്രഖ്യാപിക്കുമ്പോൾ ഈ ഇടവക അതിന്റെ ഭാഗമായി രൂപത അദ്ധ്യക്ഷൻ സാമുവൽ മാർ ഐറേനിയോസ് പിതാവിന്റെയും യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെയും പിന്തുണയും പ്രാർത്ഥനയും ഈ ഇടവക കൂട്ടായ്മയ്ക്ക് വളരെ വലിയ കരുത്താണ്. ഇപ്പോൾ ഈ ദേവാലയത്തെ ആത്മീയ നേതൃത്വത്തിൽ നയിക്കുന്നത്. ഫാ. കോശി ജോർജ്ജ് ചിറയത്ത് അച്ചനെ നന്ദിയോടെ ഓർക്കുന്നു. സർവ്വോപരി കഴിഞ്ഞ 78 വർഷക്കാലം നമ്മെ കൈപിടിച്ചു നടത്തിയ സർവ ശക്തനായ ദൈവത്തോടും പരിശുദ്ധ ദൈവ മാതാവിനോടും വിശുദ്ധ തോമാശ്ലീഹയോടും , വിശുദ്ധ മദർ തെരെസയോടും സകല വിശുദ്ധൻമാരോടും നന്ദി അർപ്പിക്കുന്നു.